LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യവികസനപദ്ധതികൾ.

* 522. [19] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമ്മ്യൂണിറ്റി പ്രോജക്ട്സ് അഡ്മിനിസ്ട്രേറ്റർ ശ്രീ. എസ്സ്. കെ. ഡേ 1955 ഏപ്രിൽമാസത്തിൽ തിരുവിതാംകൂർ-കൊച്ചി സന്ദർശിച്ചിട്ടുണ്ടോ ;

(ബി) തിരുവിതാംകൂർ-കൊച്ചിയിലെ സാമൂഹ്യവികസനപദ്ധതികൾ നിർദ്ദിഷ്ടലക്ഷ്യങ്ങൾക്കു പിന്നിലാണ് എന്നുള്ള അദ്ദേഹത്തിന്റെ അഭിപ്രായം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) കമ്മ്യൂണിറ്റിപ്രോജക്ട്സ് അഡ്മിനിസ്ട്രേറ്റർ ശ്രീ. എസ്. കെ. ഡേ 1955 ഏപ്രിൽമാസത്തിൽ തിരുവിതാംകൂർ-കൊച്ചി സന്ദർശിച്ചിട്ടുണ്ട്.

(ബി) തിരുവിതാംകൂർ-കൊച്ചിയിലെ സാമൂഹ്യവികസനപദ്ധതികൾ നിർദ്ദിഷ്ടലക്ഷ്യങ്ങൾക്കു പിന്നിലാണ് എന്നു് അദ്ദേഹം രേഖപ്പെടുത്തിയിട്ടില്ലെന്നും, തിരുവിതാംകൂർ-കൊച്ചിയിൽ ഈ പ്രവർത്തനങ്ങൾ വളരെ നന്നായിട്ടു നടക്കുന്നു എന്നുമാണ് അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ളതു് എന്നും അറിയുന്നു.

ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്ന അരി.

* 523. [20] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സംസ്ഥാനത്തു് ഭക്ഷ്യധാന്യവിനിയന്ത്രണത്തിനുശേഷം പല ഗോഡൗണുകളിലായി കെട്ടിക്കിടക്കുന്ന വളരെയധികം അരി കേന്ദ്രഗവണ്മെന്റ് തിരിച്ചെടുക്കണം എന്നു കാണിച്ചു് കേന്ദ്രഗവണ്മെന്റിൽ നിവേദനം ഈ ഗവണ്മെന്റ് നടത്തിയിട്ടുണ്ടോ ?

ആഭ്യന്തരകായ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) : കേന്ദ്രഗവണ്മെന്റ് ഭക്ഷ്യധാന്യവിനിയന്ത്രണം പ്രഖ്യാപിച്ചതോടെ സംസ്ഥാനഗവണ്മെന്റുകളുടെ കൈവശം നീക്കിഇരുപ്പു വരുന്ന അരി സ്റ്റോക്കുകൾ എടുക്കുന്നതാണെന്നു് പ്രസ്താവിച്ചിട്ടുണ്ട്. അതുകൊണ്ടു് ഇക്കാര്യത്തിൽ പ്രത്യേകം ഒരു നിവേദനത്തിന്റെ ആവശ്യമില്ല.

മന്ത്രിമാരുടെ സഞ്ചാരച്ചെലവു്.

* 524. [21] ശ്രീ. കുട്ടപ്പൻ കോയിക്കൽ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1955 മേയ്മാസത്തിൽ ഓരോ മന്ത്രിയും വാങ്ങിയിട്ടുള്ള സഞ്ചാരച്ചെലവിനത്തിലുള്ള തുകയെന്തു് ;

(ബി) ഓരോ മന്ത്രിയും ഏതേതു സ്ഥലങ്ങളിൽ എന്തെല്ലാം ഔദ്യോഗികകായ്യങ്ങൾക്കാണ് സഞ്ചരിച്ചിട്ടുള്ളതു് ;

(സി) അവ എത്രയെല്ലാം ദിവസങ്ങളിലായിരുന്നു ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 1955 മേയ് മാസത്തിൽ

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി	312 രൂപയും
ആരോഗ്യവകുപ്പുമന്ത്രി	297 ,,
മരാമത്തുവകുപ്പുമന്ത്രി	315 ,,
റവന്യൂവകുപ്പുമന്ത്രി	1244 രൂ. 4 അണയും
മുഖ്യമന്ത്രി	1743 രൂപയും

സഞ്ചാരപ്പടിഇനത്തിൽ വാങ്ങിയിട്ടുണ്ട്.

(ബി) ഓരോ മന്ത്രിയും ഏതേതു സ്ഥലങ്ങളിൽ എന്തെല്ലാം ഔദ്യോഗികകാര്യങ്ങൾക്കാണു് സഞ്ചരിച്ചിട്ടുള്ളതെന്നുള്ള വിവരങ്ങൾ അടങ്ങിയ പട്ടിക എന്റെ കയ്യിലുണ്ടു്. സർ, അങ്ങു് അനുവദിക്കുകയാണെങ്കിൽ വായിക്കാം.

(സി) ഏതെല്ലാം ദിവസങ്ങളിലായിരുന്നു സഞ്ചരിച്ചിട്ടുള്ളതെന്നുള്ള വിവരവും എന്റെ കൈവശമുണ്ടു്. അതും സമയം അനുവദിക്കുകയാണെങ്കിൽ വായിക്കാം.

മി. സ്പീക്കർ : വായിക്കേണ്ട. †മേശപ്പുറത്തു വച്ചാൽ മതിയാകും.

ശ്രീ. കെ. സി. ജോർജ്ജു് : ഈ ചെലവിനത്തിൽ ഗവണ്മെൻറുകാര്യങ്ങൾക്കായി ഡെൽഹിയിൽ പോയിട്ടുള്ളതിനു ചെലവു് എത്രയാണെന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : റവന്യൂമന്ത്രിയുടേയും മുഖ്യമന്ത്രിയുടേയും കാര്യത്തിലും കുറെ സംഖ്യ സംസ്ഥാനത്തിനു പുറത്തുള്ള യാത്രകൾക്കുവേണ്ടി എടുത്തിട്ടുണ്ടു്.

ശ്രീ. കെ. സി. ജോർജ്ജു് : ഇൻഡ്യയിൽ മറ്റുള്ള സംസ്ഥാനങ്ങളെ അപേക്ഷിച്ചു ഒരു നല്ല സംഖ്യ ഡെൽഹിയിൽ പോകുന്നതിലേയ്ക്കു് നാം ചെലവാക്കേണ്ടിയിരിക്കുന്നതുകൊണ്ടു് അതിന്റെ ഒരു ഭാഗം കേന്ദ്രഗവണ്മെൻറു് വഹിക്കേണ്ടതാണെന്നു് പറയുവാൻ ഈ ഗവണ്മെൻറു് തയാറാകുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ നമുക്കു കിട്ടുകയാണെങ്കിൽ സന്തോഷമാണു്. പക്ഷേ കിട്ടുമോ എന്നു് സംശയമാണു്.

ശ്രീ. കെ. സി. ജോർജ്ജു് : വളരെ അധികം സംഖ്യ നമ്മുടെ ഗവണ്മെൻറിനു് അതിനുവേണ്ടി ചെലവാകുന്നില്ലേ? നേരെമറിച്ചു് ഡെൽഹിയോടു അടുത്തുള്ള സംസ്ഥാനങ്ങൾക്കു് ഇത്രയും ചെലവാകുന്നുമില്ല. അതുകൊണ്ടു് കേന്ദ്രത്തിലെ ആവശ്യത്തിനുവേണ്ടി പോകുന്ന യാത്രകൾക്കു് അതിലേക്കു ചെലവാകുന്ന തുകയുടെ ഒരു ഭാഗം ആവശ്യപ്പെടരുതോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തന്നാൽ കൊള്ളാം. തരുമോ എന്നുള്ള കാര്യമാണു് സംശയം.

† Please See Appendix I.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I.

*[Please see answer to question No. * 524 (21)]*

*** 524. [21] (ബി) മുഖ്യമന്ത്രി :**

ആലപ്പുഴ, ന്യൂഡെൽഹി, ബെർഹാംപൂർ, കൊട്ടാരക്കര, എറണാകുളം തൃശ്ശൂർ, പന്തളം, മൂന്നാർ ഈ സ്ഥലങ്ങളിൽ ഔദ്യോഗിക കാര്യങ്ങൾക്കായിട്ട് സഞ്ചരിച്ചിട്ടുണ്ട്. ഔദ്യോഗിക കാര്യങ്ങൾ ഇന്നതെല്ലാമെന്ന് തരം തിരിച്ച് പറയുവാൻ സാദ്ധ്യമല്ല.

ധനകാര്യവകുപ്പുമന്ത്രി:

ധനവിച്ചപുരം, "നാഷണൽ വാളണ്ടിയർ ഫോഴ്സ്" ഉൽഘാടന കർമ്മത്തിൽ പങ്കുകൊള്ളുന്നതിനു യാത്രചെയ്തു. ഡെൽഹി നാഷണൽ ഡെവലപ്പ്മെൻറ് കൗൺസിൽ മീറ്റിംഗിൽ സംബന്ധിക്കുന്നതിനും ഉട്ടാക്കമണ്ടിൽ സെൻട്രൽ ഫാറസ്റ്ററി ബോർഡ് മീറ്റിംഗിൽ സംബന്ധിക്കുന്നതിനും യാത്രചെയ്തു.

കോട്ടയം, തൃശ്ശൂർ, മെക്കാട്ട്, പാലാ, പൂഞ്ഞാർ—നിയമവും പൊതു സമാധാനവും അവസ്ഥകളെപ്പറ്റി അന്വേഷിക്കുന്നതിനു വേണ്ടിയും വിമുക്ത ഭടന്മാർക്ക് അനുവദിച്ചിട്ടുള്ള സ്ഥലങ്ങൾ മറ്റാർ പ്രവേശിച്ചതിനെപ്പറ്റി അന്വേഷണം നടത്തുന്നതിനും സ്ഥലവാസികളുടെ അപേക്ഷാനുസരണം സ്ഥലത്തുചെന്ന് ചില അന്വേഷണങ്ങളും നടത്തുന്നതിനുമായി സഞ്ചരിച്ചു.

പൊതുമരാമത്തുമന്ത്രി :

എറണാകുളം, ചേർത്തല, നെന്മാറ, തത്തമംഗലം, ചിറ്റൂർ, മൂന്നാർ, പള്ളിവാസൽ, ചെങ്കുളം, മാട്ടുപ്പെട്ടി, കണ്ടള ഡാം, അർമ്മൂർ, കൊടകര, കുമ്പിലാവു, കുന്നംകുളം, കണ്ടനാശ്ശേരി, ചുണ്ടൽ, ചൂളിശ്ശേരി മരക്കാൻ ഈ സ്ഥലങ്ങളിൽ ഔദ്യോഗികകാര്യങ്ങൾക്കായി സഞ്ചരിച്ചു.

ആരോഗ്യവകുപ്പുമന്ത്രി :

എറണാകുളം, തൊടുപുഴ, മൂവാറ്റുപുഴ, ആലുവാ, കുന്നുമാളൂർ, പാറവൂർ, തൃശ്ശൂർ മുതലായ സ്ഥലങ്ങളിൽ ആശുപത്രികളും പരിശോധനാർത്ഥം സഞ്ചരിച്ചു.

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി :

പഞ്ചായത്തുകളും, മാർക്കറ്റുകളും, ഭവനനിർമ്മാണപദ്ധതിക്ക് എടുത്തിട്ടുള്ള സ്ഥലങ്ങളും, കാളനികളും, സഹകരണസംഘങ്ങളും ഇവ പരിശോധിക്കുന്നതിനായി കുന്നാഗപ്പള്ളി, കൊല്ലം, മാവേലിക്കര, ചെങ്കൽ, മാലക്കോട്ട, ചേർത്തല, ആറന്മുള, പന്തളം, കുമളി, കോട്ടയം, തൃശ്ശൂർ, മുക്കാട്ട്, വെറ്റിലപ്പാറ, ചെങ്ങന്നൂർ, മങ്ങാനം, വെഞ്ഞാറമ്മൂർ, മുതലായ സ്ഥലങ്ങളും യാത്ര ചെയ്തു.

2|3903/V

LIBRARY ARCHIVES Kerala Legislative Assembly

(സ്) മുഖ്യമന്ത്രി :

1-ാം തീയതി മുത 11-ാം തീയതിവരെ, 12, 15 മുതൽ 18 വരെ, 21 മുതൽ 31 വരെ. ബാക്കി ദിവസങ്ങളിൽ തിരുവനന്തപുരത്ത് ഉണ്ടാ യിരുന്നു.

റവന്യൂവകുപ്പുമന്ത്രി :

1-ാം തീയതി, 2 മുതൽ 8 വരെ, 11 മുതൽ 15 വരെ, 18, 20 മുതൽ 23 വരെ, 29, 30.

പൊതുമരാമത്തുമന്ത്രി :

6-ാം തീയതി മുതൽ 26-ാം തീയതി വരെ.

ആരോഗ്യവകുപ്പുമന്ത്രി :

15, 16, 17, ഈ തീയതികളിൽ.

തദ്ദേശസ്വയംഭര ണ വകുപ്പുമന്ത്രി :

1, 2, 7, 15, 17 മുതൽ 19 വരെ, 21-മുതൽ 24 വരെ, 26, 28, 31 ഈ തീയതികളിൽ.

LIBRARY ARCHIVES Kerala Legislative Assembly